സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*:

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സഹകാര്യ സ്ഥാപനങ്ങൾവഴി വിദ്യാഭ്യാസവായ്പ നൽകുന്നില്ല.

(ബി) & (സി) ബാധകമല്ല.

(ഡി) & (ഇ) ബാധകമല്ല.

ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രക്ഷോഭം

*16 [93] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*
„ *എ. കെ. ബാലൻ:*
„ *എം. വി. ജയരാജൻ:*
„ *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രേഡ് യൂണിയനുകളുടെ സ്പോൺസറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രേഡ് യൂണിയൻ സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചനടത്തി പ്രശ്ന പരിഹാരത്തിന് സർക്കാർ തയ്യാറാകുമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*:

(എ) ഉണ്ട്. കയർപിരി തൊഴിലാളികൾ 1-2-2005 മുതലും തോട്ടം തൊഴിലാളികൾ 15-6-2005 മുതലും സമരം നടത്തിയിരുന്നു. കർഷകത്തൊഴിലാളികൾ 11-5-2005 മുതൽ നിരാഹാരസമരം നടത്തിയിരുന്നു. ചുമട്ടുതൊഴിലാളികളും സമരം നടത്തിയിരുന്നു.

(ബി) (1) കയർ തൊഴിലാളികളുടെ ആവശ്യങ്ങൾ:

നിശ്ചിത കൂലിയും ഡി. എ.-യും നൽകുക, കയറ്റുമതിക്കാർ ഉൽപ്പന്നങ്ങൾക്ക് തീരുമാനിച്ച വില നൽകുക, കരാർ ജോലികൾ പൂർണ്ണമായും അവസാനിപ്പിക്കുക, ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുക, ക്ഷേമനിധി ബോർഡിലെ സ്വജനപക്ഷപാതം അവസാനിപ്പിക്കുക, സഹകരണ മേഖലയെ സംരക്ഷിക്കുക, 15-10-2004-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുക, പുതിയ ഉൽപ്പന്നങ്ങൾക്ക് കൂലിയും വിലയും തീരുമാനിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(2) കർഷകത്തൊഴിലാളികളുടെ ആവശ്യങ്ങൾ:

കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്തു നൽകുക, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുവഴി നൽകേണ്ടുന്ന ആനുകൂല്യങ്ങൾ കുടിശ്ശിക ഇല്ലാതെ കൊടുത്തുതീർക്കുക, തെങ്ങുകയറ്റ തൊഴിലാളികൾക്കായുള്ള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പ്രീമിയം അടപ്പിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുക, അശാസ്ത്രീയമായ ബി. പി. എൽ. സർവ്വേ നിർത്തലാക്കുക.

(3) തോട്ടം തൊഴിലാളികളുടെ ആവശ്യങ്ങൾ:

1-4-2002 മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുക, മരവിപ്പിച്ച ക്ഷാമബത്ത വർദ്ധന കുടിശ്ശിക സഹിതം പുനഃസ്ഥാപിക്കുക, നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, 2000-ാമാണ്ടിനുശേഷം തോട്ടങ്ങളിൽ ഉണ്ടായിട്ടുള്ള എല്ലാ ഒഴിവുകളും നികത്തുക.

(4) ചുമട്ടുതൊഴിലാളികളുടെ ആവശ്യം:

2002-ലെ കേരള കയറ്റിറക്കുകൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും നിയമം പിൻവലിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകുന്നതുവരെ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതിൽ പറയുന്ന സ്ഥലത്തെ നിയമം പ്രാബല്യത്തിൽ വരുത്താവു.

(സി) വിവിധ സംഘടനാ പ്രതിനിധികളുടെ അനുരഞ്ജന യോഗങ്ങൾ സർക്കാർ വിളിച്ചുചേർത്ത് നാലു മേഖലകളിലെയും പ്രശ്നങ്ങൾ ഒത്തുതീർക്കുകയുണ്ടായി.

വീവിംഗ് ആന്റ് സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

*17 [94] *ശ്രീ. വി. ഡി. സതീശൻ:*
,, *എം. എം. ഹസ്സൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റുടമയിലോ സഹകരണ മേഖലയിലോ എത്ര വീവിംഗ് ആന്റ് സ്പിന്നിംഗ് മില്ലുകളുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണം അടഞ്ഞുകിടക്കുന്നു;

(സി) ഇവ അടച്ചിടുവാനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഡി) ഇവ തുറന്നു പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

GPM. 2/573/2012—7

LIBRARY ARCHIVES Kerala Legislative Assembly